## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 592

26.04.2017 - ൽ മറുപടിക്ക്

# കൺസ്യൂമർഫെഡിന്റെ ലാഭനഷ്ടക്കണക്ക്

**ചോദ്യം**

**ശ്രീമതി.പി.അയിഷാ പോറ്റി**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

(എ) മുൻസർക്കാരിന്റെ കാലയളവിൽ കൺസ്യൂമർഫെഡിന്റെ ലാഭനഷ്ടകണക്ക് വർഷം തിരിച്ച് വെളിപ്പെടുത്തുമോ;

(എ) മുൻ സർക്കാരിന്റെ കാലയളവിലെ കൺസ്യൂമർഫെഡിന്റെ താൽക്കാലിക ലാഭനഷ്ടക്കണക്ക് വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| വർഷം | നഷ്ടം, കോടിയിൽ |
|---|---|
| 2011-12 | 34.77 കോടി |
| 2012-13 | 119.24 കോടി |
| 2013-14 | 112.88 കോടി |
| 2014-15 | 57.87 കോടി |
| 2015-16 | 29.10 കോടി |

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ കൺസ്യൂമർഫെഡിന് എത്ര കോടി രൂപയുടെ പ്രവർത്തന ലാഭമുണ്ടായെന്ന് വ്യക്തമാക്കുമോ;

(ബി) 2016-17 സാമ്പത്തികവർഷത്തിൽ കൺസ്യൂമർഫെഡിന്റെ താൽക്കാലിക കണക്ക് പ്രകാരം 64.78 കോടി രൂപയുടെ പ്രവർത്തന ലാഭമുണ്ടായിട്ടുണ്ട്

(സി) കൺസ്യൂമർഫെഡിന്റെ വൈവിധ്യവൽക്കരണത്തിന് സ്വീകരിച്ച് വരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ?

(സി) കൺസ്യൂമർഫെഡിന്റെ വൈവിദ്ധ്യവൽക്കരണത്തിനായി ചുവടെ പറയുന്ന നാലോളം പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു.

**സ്റ്റുഡൻസ് മാർക്കറ്റ്**:- ഈ വരുന്ന അദ്ധ്യയനവർഷാംരംഭത്തിൽ

വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ സംസ്ഥാനത്ത് 250-സ്റ്റുഡൻസ് മാർക്കറ്റുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എല്ലാ നിയോജകമണ്ഡലത്തിലും ചുരുങ്ങിയത് ഒരു സ്റ്റുഡന്റ് മാർക്കറ്റ് എങ്കിലും പ്രാഥമിക സഹകരണ സംഘങ്ങളുടെയോ സ്കൂളുകളുടെയോ നേതൃത്വത്തിൽ ആരംഭിക്കും. വിദ്യാർത്ഥികൾക്ക് ആവശ്യമായ മുഴുവൻ സാധനങ്ങളും ഒരു മേൽക്കൂരക്ക് കീഴിൽ ലഭ്യമാക്കുക എന്നതാണ് സ്റ്റുഡൻസ് മാർക്കറ്റ് കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രമുഖ കമ്പനികളുടെയും കുടുംബശ്രീപോലുള്ള കൂട്ടായ്മകളും ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ മാർക്കറ്റ് വിലയേക്കാൾ 20 ശതമാനം കുറഞ്ഞവിലയ്ക്ക് വിൽപ്പന നടത്തുന്നതിനാണ് ലക്ഷ്യമിടുന്നത്.

**ഇ-ത്രിവേണികളുടെ പ്രവർത്തനം വ്യാപിപ്പിയ്ക്കൽ** :- ആഫീസ് സ്റ്റേഷനറി സാധനങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് കൺസ്യൂമർഫെഡ് ആരംഭിച്ച 4-ഇ-ത്രിവേണികൾക്ക് പുറമേ 24 എണ്ണം കൂടി പുതുതായി ആരംഭിക്കുന്നതിന് തീരുമാനിച്ചു. ഇതിനായി 1.85 കോടി രൂപ സബ്സിഡിയായി സർക്കാർ അനുവദിച്ചിട്ടുണ്ട്.

**ത്രിവേണി ഓൺലൈൻ ട്രേഡിങ്ങ്** :- തിരഞ്ഞെടുക്കപ്പെട്ട ത്രിവേണികളിൽ ഓൺലൈൻ ട്രേഡിങ്ങിന് ആവശ്യമായ നടപടികൾ ആരംഭിച്ചുവരുന്നു. ഷോപ്പുകളിൽ വന്ന് നേരിട്ട് സാധനങ്ങൾ വാങ്ങാൻ കഴിയാത്ത വ്യക്തികൾക്ക് ഓൺലൈനായി സാധനങ്ങൾ വാങ്ങുന്നതിനും അവ വീട്ടിൽ എത്തിക്കുന്നതിനും ഈ ഇടപെടൽ വഴിയൊരുക്കും.

**നീതി ശൃംഖലയുടെ വ്യാപനം** വിലനിലവാരം പിടിച്ചു നിർത്തുന്നതിനു

| | | | |
|---|---|---|---|
| | | | ശക്തമായ മാർക്കറ്റ് ഇടപെടൽ നടത്തുന്നതിനുമായി സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കൺസ്യൂമർഫെഡ് മുൻകൈയെടുത്ത് 2000 നീതി ഔട്ട്ലെറ്റുകളും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരേ ബ്രാൻഡും ലോഗോയും ഉപയോഗിക്കുന്നതും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചതുമായ ഒരു ശൃംഖല രൂപീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |

**സെക്ഷൻ ഓഫീസർ**